കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പെരുവയൽ ഗ്രാമപഞ്ചായത്ത് - മാമ്പുഴ സർവ്വേ അനുബന്ധ പ്രവർത്തനങ്ങൾ എന്ന പേരിലുള്ള പ്രോജക്ട് ( പ്രോ.നം.207/18. അടങ്കൽ 3,30,000/- രൂപ (തനത് ഫണ്ട്) ) -നടപ്പാക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.1250/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03.05.2018

വായന :- 1. പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.2018-ലെ 358/17-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018-ലെ പ്രത്യേക വിഷയ തീരുമാനം നം. 4.11

ഉത്തരവ്

മാമ്പുഴ സർവ്വേ അനുബന്ധ പ്രവർത്തനങ്ങൾ എന്ന പേരിൽ ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും ( പ്രോ.നം.207/18. അടങ്കൽ 3,30,000/- രൂപ (തനത് ഫണ്ട്) ) മാമ്പുഴ പുഴയെ മാലിന്യ വിമുക്തമാക്കുന്നതിന്റെ ഭാഗമായി സർവേ നടത്തുന്നുണ്ടെന്നും സർവ്വേ നടപടികൾക്ക് സഹായകരമാകും വിധം കാട് വെട്ടിത്തെളിക്കുക, ടോട്ടൽ സ്റ്റേഷൻ വാടക, തോണി വാടക, ലഘു ഭക്ഷണ ചെലവുകൾ, മറ്റു സൗകര്യമൊരുക്കൽ ഇവയ്ക്കു തുക ചെലവഴിക്കുന്നുവെന്നും ഇത്തരം ചെലവുകൾക്ക് നിശ്ചിത നിരക്കില്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു. 21.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.11 നമ്പർ തീരുമാനപ്രകാരം പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനും (സെക്രട്ടറി) വെറ്റിംഗ് ഓഫീസറും അംഗീകരിക്കുന്ന നിരക്ക് പാലിക്കണമെന്ന നിബന്ധനയോടെ ടി പ്രോജക്ട് നടപ്പാക്കുന്നതിന് പെരുവയൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡണ്ട്, പെരുവയിൽ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ